**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.811.** **27.04.2017 ൽ മറുപടിയ്ക്ക്**

**മദ്യവിപണന മാർഗ്ഗനിർദ്ദേശം നടപ്പിലാക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.എം.ഷാജി : | | ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരമേറ്റ്, നാളിതുവരെയും മദ്യനയം പ്രഖ്യാപിച്ചിട്ടില്ലെന്ന കാര്യം ശരിയാണോ; എങ്കിൽ മദ്യനയം ഔദ്യോഗികമായി പ്രഖ്യാപിക്കാതെ മുൻ സർക്കാരിന്റെ നയം തുടരാനാണോ ഉദ്ദേശിക്കുന്നത്; | (എ) | ശരിയാണ്. എൽ.ഡി.എഫ്. സർക്കാരിന്റെ മദ്യനയം പ്രഖ്യാപിക്കുന്നതുവരെ നിലവിലുള്ള മദ്യനയം തുടരുന്നതാണ്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വിവിധ കോടതികൾ മദ്യ വിപണനവുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) ഉം (സി) ഉം | ബഹു.സുപ്രീംകോടതിയുടെ 31.03.2017-ലെ CA.No.12164-12166/16-ാം നമ്പർ കേസ്സുകളിലെ വിധിന്യായപ്രകാരം ദേശീയ/സംസ്ഥാന പാതകളിൽ നിന്നും കാണുന്ന തരത്തിലോ, നേരിട്ട് പ്രവേശിക്കുന്ന തരത്തിലോ, ദേശീയ/ സംസ്ഥാന പാതയോരങ്ങളിൽ നിന്നും 500 മീറ്ററിനുള്ളിലോ, ഒരു മദ്യഷാപ്പുകളും 01.04.2017 മുതൽ പ്രവർത്തിക്കുവാൻ പാടില്ലായെന്ന് ഉത്തരവായിട്ടുള്ളതാണ്. ടി ഉത്തരവ് പാലിച്ചിട്ടുണ്ട്. |
| (സി) | എങ്കിൽ ഈ കാലയളവിലെ ഏതെല്ലാം വിധികളുടെ നടപ്പാക്കലാണ് നടന്നിട്ടുള്ളത് എന്ന് വിശദമാക്കുമോ? | | |

**സെക്ഷൻ ഓഫീസർ**